<u>പതിനാലാം കേരള നിയമസഭ</u>

<u>പതിമൂന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3394

10.12.2018-ൽ മറുപടിക്ക്

## കടലിൽ രക്ഷാപ്രവർത്തനത്തിന് പരിശീലനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.പി.കെ.ബഷീർ<br>,, കെ.എം.ഷാജി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ അപകടങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | കടലിൽ ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുന്ന അവസരങ്ങളിൽ ഫലപ്രദമായ രക്ഷാ പ്രവർത്തനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 9 കടലോര ജില്ലകളിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഓരോ മത്സ്യഗ്രാമങ്ങളിലും അവിടങ്ങളിൽ ലഭ്യമായ 5 യാനങ്ങളും ഓരോ യാനത്തിലും 3 മത്സ്യത്തൊഴിലാളികൾ വീതം 15 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നതാണ് ഒരു കടൽ സുരക്ഷാ സ്ക്വാഡ്. ഇങ്ങനെ 60 മത്സ്യഗ്രാമങ്ങളിലായി 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതായിരിക്കും ആദ്യഘട്ട കടൽ സുരക്ഷാ സ്ക്വാഡ്. കടൽരക്ഷാ സ്ക്വാഡുകളിലേക്ക് തെരഞ്ഞെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കടൽരക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതാണ്. രക്ഷാ പ്രവർത്തനങ്ങൾക്ക് ഇവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടി വരുമ്പോൾ ടി സേവനത്തിന് സർക്കാർ നിശ്ചയിക്കുന്ന വേതനം ഇവർക്ക് നൽകും. സ്ക്വാഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ അത്യാവശ്യം വേണ്ട കമ്മ്യൂണിക്കേഷൻ ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും നൽകുന്നതാണ്. |
| (ബി) | ഇതിനായി മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അതിന്റെ ആദ്യപടിയായി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ ഭാഗമായുള്ള നീന്തൽ ടെസ്റ്റ്, ഫിറ്റ്നസ് ടെസ്റ്റ് എന്നിവ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ